(4) ഇരിട്ടി ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ കീഴിൽ ടെണ്ടർ ചെയ്തിട്ടുള്ള പണി തീർക്കുന്നതിന് ആവശ്യമായ മെറ്റീരിയൽസ്

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഇരിട്ടി ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ പരിധിയിൽ പെടുന്ന ലൈൻ വർക്ക് ഇപ്പോഴും മെറ്റീരിയൽസ് ഇല്ലാത്തതിന്റെ പേരിൽ സ്തംഭനത്തിലാണ്. 1987-ലെ പ്രയോറിറ്റി അനുസരിച്ച് തീരേണ്ടിയിരുന്ന വർക്ക് 1990-91 ആയിട്ടും തീരാത്ത പിന്നോക്കാവസ്ഥയാണ് ഇവിടെയുണ്ടായിട്ടുള്ളത്. തികച്ചും മലയോര കുടിയേറ്റ പിന്നോക്ക പ്രദേശങ്ങളുടെ തലസ്ഥാനമാണ് ഇരിട്ടി. സമീപകാലത്ത് എഗ്രിമെന്റുവച്ച വർക്കുകളുമെല്ലാം ഇപ്പോഴും സ്തംഭനത്തിലാണ്. അതുകൊണ്ട് ആ പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ആവശ്യമായിട്ടുള്ള മെറ്റീരിയൽസ് അടിയന്തിര പരിഗണന നൽകി അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, മലബാർ ഭാഗത്ത് മെറ്റീരിയൽസ് കുറവാണെന്നുള്ളത് ശരിയാണ്. പക്ഷേ തീരെയില്ലെന്നു പറയുന്നത് അത്ര ശരിയല്ല. പതിനഞ്ചിന പരിപാടിയുടെ ഭാഗമായി ആയിരത്തോളം ട്രാൻസ്ഫോർമറുകളും അതിനനുബന്ധമായ ലൈനുകളും മലബാർ ഭാഗങ്ങളിൽ എത്തിക്കഴിഞ്ഞു. ശ്രീ. നൂറുദ്ദീന്റെ നിയോജകമണ്ഡലത്തിൽ നഗരങ്ങളിലും കാട്ടുപ്രദേശങ്ങളിലുമെല്ലാംതന്നെ അതിന്റെ പ്രവർത്തനം നടത്തിയിട്ടുണ്ട്. പിന്നെ അദ്ദേഹം 1987 എന്നു പറഞ്ഞത് ശരിയല്ല. 1989-നു ശേഷമുള്ള ലൈൻ എക്സ്റ്റൻഷനുകളുടെ പണിയേ നടക്കാനുള്ളൂ. സ്പെഷ്യൽ ഓർഡർ വഴിയുള്ള 15 വർക്ക് ഇപ്പോഴും നടന്നുവരുന്നു. മെറ്റീരിയൽസ് ലഭ്യമാകുന്ന മുറയ്ക്ക് തീർച്ചയായിട്ടും അവിടെ എത്തിക്കുന്നുണ്ട്. അതു മാത്രമല്ല അദ്ദേഹത്തിന്റെതന്നെയുള്ള സമീപനംകൊണ്ടും ധാരാളം മെറ്റീരിയൽസ് എത്തുന്നുണ്ട്. അതുകൊണ്ട് മലബാർ പ്രദേശത്ത് പൂർത്തിയാക്കാൻ കഴിയുന്നിടത്തോളം പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതാണ്. പ്രത്യേകിച്ച് ഇരിട്ടി പ്രദേശത്തിന്റെ കാര്യത്തിൽ ഗവൺമെന്റും ബോർഡും സജീവമായ താൽപര്യം കാണിക്കുന്നതുമാണ്.

(5) ദന്തരോഗ പ്രതിരോധ വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി വിദ്യാലയ ആരോഗ്യരക്ഷാപ്രവർത്തനം വിപുലപ്പെടുത്തൽ

ശ്രീ. വി. വി. രാഘവൻ: വിദ്യാലയങ്ങളിലെ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കുട്ടികളുടെ ദന്തരക്ഷയും ദന്തശുദ്ധിയുമാണ്. ഇപ്പോഴും വിദ്യാലയങ്ങളിലെ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടില്ല. മനുഷ്യന്റെ ആരോഗ്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട അവയവം പല്ലാണല്ലോ, പ്രത്യേകിച്ച്, കുട്ടികളുടെ കാര്യത്തിൽ. അതുകൊണ്ട് വിദ്യാലയങ്ങളിലെ ആരോഗ്യ രക്ഷാപ്രവർത്തനങ്ങളിൽ മെഡിക്കൽ കെയർ പ്രവർത്തനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ദന്തരക്ഷയും ദന്തശുദ്ധിയും ഉറപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം. കൂട്ടത്തിൽ പറയട്ടെ ദന്തൽ ഹൈജിനിസ്റ്റ് എന്ന വിഭാഗം വളരെയധികം രാധീനതകളുള്ളതും വളരെ പരിതാപകരവുമായ ഒന്നാണ്. അവരുടെ പ്രശ്നംകൂടി പരിഗണിക്കാൻ ദയവുണ്ടാകണം.

ആരോഗ്യ വകുപ്പ് മന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, വളരെ പ്രധാനവും പ്രസക്തവുമായ ഒരു പ്രശ്നമാണ് ശ്രീ. വി. വി. രാഘവൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. തികച്ചും ന്യായമായ കാര്യങ്ങളാ മാത്രമേ അദ്ദേഹം പറയാനുള്ളൂ. ഈ കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലുള്ളതാണ്. കുട്ടികളുടെ ദന്തശുദ്ധിയും, ദന്തരോഗ പ്രതിരോധ പ്രവർത്തനങ്ങളും ഏറ്റവും ആവശ്യമാണ്. ആരംഭദശയിൽത്തന്നെ ഇത് പലതും കണ്ടുപിടിച്ചാൽ ദന്തരോഗം മാത്രമല്ല ദന്തത്തിന്റെ ക്ഷതംമൂലം പല്ലിനുണ്ടാകുന്ന കേടുപാടുകളും കാരണം ഉണ്ടാകുന്ന ഇതര അസുഖങ്ങളും തടയാൻ കഴിയുന്നു. അതുകൊണ്ട് ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി ഇത് വളരെ ആക്ടീവായി മുന്നോട്ടു കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെതന്നെ ദന്തരോഗങ്ങളും തടയുന്നതിനെപ്പറ്റിയുള്ള ബോധവൽക്കരണത്തെക്കുറിച്ച് ഇന്ന് വേണ്ടത്ര ശ്രദ്ധയില്ലെന്നുള്ളത് സത്യമാണ്. ഈ അപാകത പരിഹരിച്ചുകൊണ്ട് ഇതിനാവശ്യമായ രീതിയിൽ ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് ഒന്നാം ക്ലാസ്സു മുതൽതന്നെ വിദ്യാഭ്യാസ കരിക്കുലത്തിന്റെ ഭാഗമായി ഈ വിഷയം ഉൾപ്പെടുത്തണമെന്ന കാര്യം വിദ്യാഭ്യാസവകുപ്പുമായി ടേക്കപ്പ് ചെയ്യാൻ ആരോഗ്യവകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ബോധവൽക്കരണത്തിനും രോഗപ്രതിരോധ പ്രവർത്തനത്തിനും ആവശ്യമായിട്ടുള്ള ഒരു ശ്രമം ഗവൺമെൻറ് നടത്തുന്നുണ്ട് എന്നുള്ള മറെറാരു കാര്യം ബഹുമാനപ്പെട്ട വി. വി. രാഘവനെ ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. ഡെൻറൽ ടെക്നീഷ്യൻമാരുടെ കാര്യം വളരെ അനുഭാവപൂർവ്വമായിത്തന്നെ ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങുകൂടി ശ്രദ്ധിക്കേണ്ട മറെറാരു പ്രധാനപ്പെട്ട കാര്യം ഉണ്ട്. കേരളത്തിലെ ഡെൻറൽ കോളേജുകൾക്ക് സ്വതന്ത്ര പദവി നൽകിക്കൊണ്ടുള്ള ഉത്തരവ് ഗവൺമെൻറ് പുറപ്പെടുവിച്ചു. അതനുസരിച്ച് തിരുവനന്തപുരം, കോഴിക്കോട് ഡെൻറൽ കോളേജുകൾക്ക് സ്വതന്ത്ര പദവി നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽമാർ ഉൾപ്പെടെയുള്ള ആവശ്യമായ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ വൈദ്യ വിദ്യാഭ്യാസ രംഗത്ത് ഡെൻറൽ കോളേജുകൾക്ക് സ്വതന്ത്ര പദവി നൽകിക്കൊണ്ടുള്ള തീരുമാനം ഒരു സുപ്രധാനമായ കാൽവയ്പാണ്. അതും ശ്രീ. വി. വി. രാഘവൻ ചൂണ്ടിക്കാണിച്ച കാര്യങ്ങളും മുന്നോട്ടു കൊണ്ടുപോകുന്നതിന് കൂടുതൽ എക്സ്പർട്ടായിട്ടുള്ള ആളുകളുടെ സേവനം സഹായകരമായിരിക്കുമെന്ന കാര്യം ഞാൻ ഇവിടെ പറയുകയാണ്.

മി. സ്പീക്കർ: ഡെൻറൽ കോളേജിന്റെ കാര്യത്തിൽ പറഞ്ഞ ഉദാരമായ സമീപനം ഈ കാര്യത്തിൽക്കൂടി വേണം.

ശ്രീ. വി. എം. സുധീരൻ: ശ്രീ. വി. വി. രാഘവൻ പറഞ്ഞ കാര്യത്തെ ഞാൻ സ്ട്രോങ്ങായി സപ്പോർട്ട് ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly